ഉത്തരം

സംസ്ഥാന തൊഴിൽ വകുപ്പിനുവേണ്ടി ഗ്രാമീണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് & ടാക്സേഷൻ നടത്തിയ പഠനത്തിൽ കേരളത്തിൽ 25 ലക്ഷം അന്യസംസ്ഥാന തൊഴിലാളികൾ പണിയെടുക്കുന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തൊഴിൽ വകുപ്പിനുകീഴിലുള്ള കേരള നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ കേരള കടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി പ്രകാരം 49021 (28-2-2015 വരെ) അന്യസംസ്ഥാന തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവരുടെ സംസ്ഥാനം തിരിച്ചുള്ള ലിസ്റ്റ് ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്നു.*

കാസർകോട് ജില്ലാ ക്ഷേമനിധി ഓഫീസുകളിലെ ഒഴിവുകൾ

241 (933) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ ക്ഷേമനിധി ഓഫീസുകളിൽ എത്ര ഒഴിവുകളുണ്ടെന്ന് ഓഫീസും തസ്തികയും തിരിച്ചുള്ള എണ്ണം വ്യക്തമാക്കാമോ ;

(ബി) ഒഴിവുകൾ നികത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(സി) കാസർഗോഡ് ജില്ലയിലെ ക്ഷേമനിധി ഓഫീസുകളിൽ എത്ര ദിവസ വേതനക്കാരായ തൊഴിലാളികളാണ് ജോലി ചെയ്യുവരുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

1. കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ ഒരു ടൈപ്പിസ്റ്റിന്റെ ഒഴിവുണ്ട്.

2. കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിൽ അനുത്ര സേവന വ്യവസ്ഥയിൽ ഒരു ജില്ലാ എക്സിക്യൂട്ടീവ് ഓഫീസറുടെയും ഒരു എൽ.ഡി.ടൈപ്പിസ്റ്റിന്റെയും ഒഴിവുകൾ ഉണ്ട്.

3. കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിൽ 3 ക്ലാർക്ക്, 1 ടൈപ്പിസ്റ്റ്, 1 പ്യൺ-കം-പ്രോസസ് സെർവർ, 1 റിക്കാർഡ് കീപ്പർ എന്നീ ഒഴിവുകൾ ഉണ്ട്.

4. കേരള പീടിക തൊഴിലാളി ക്ഷേമനിധി ബോർഡിൽ 1 ക്ലാർക്ക്, 1 പ്യൺ എന്നീ ഒഴിവുകൾ ഉണ്ട്.

5. കേരള ചുമട്ട തൊഴിലാളി ക്ഷേമനിധി ബോർഡിൽ 6 ക്ലാർക്ക്, 3 പ്യൺ എന്നീ എൻ.ജെ.ഡി. ഒഴിവുകൾ നിലവിലുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ട്.

1. കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ ഒരു ടൈപ്പിസ്റ്റിന്റെ ഒഴിവ് അന്യത്ര സേവന വ്യവസ്ഥയിൽ നികത്തുന്നതിന് പത്രത്തിൽ പരസ്യം നല്കിയിട്ടുണ്ട്.

2. കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിൽ അന്യത്ര സേവന വ്യവസ്ഥയിലാണ് ഒഴിവുകൾ നികത്തുന്നത്.

3. കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിലെ ഒഴിവ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4. കേരള പീടിക തൊഴിലാളി ക്ഷേമനിധി ബോർഡിൽ അന്യത്ര സേവന വ്യവസ്ഥയിലാണ് ഒഴിവുകൾ നികത്തുന്നത്. നിലവിൽ ആരും അപേക്ഷ സമർപ്പിച്ചിട്ടില്ല.

5. കേരള ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡിൽ പി.എസ്.സി.-യിൽ നിന്നുള്ള എൻ.ജെ.ഡി. ഒഴിവുകളാണ്.

(സി)

1. കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ 1 ഉം

2. കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിൽ 16 ഉം

3. കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിൽ 6 ഉം

4. കേരള പീടിക തൊഴിലാളി ക്ഷേമനിധി ബോർഡിൽ 2 ഉം

5. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ 1 ഉം

6. കേരള ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡിൽ 9 ഉം ദിവസവേതനക്കാരായി ആകെ 35 ജീവനക്കാർ ജോലി ചെയ്യുന്നു.

നിർമ്മാണ തൊഴിലാളി ക്ഷേമനിധിയിലെ അംഗങ്ങളുടെ മക്കൾക്ക് ലാപ്പോപ്പ്

242 (934) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിർമ്മാണ തൊഴിലാളി ക്ഷേമനിധിയിലെ അംഗങ്ങളുടെ മക്കളായ എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകുന്നതിന് തീരുമാനിച്ചിരുന്നോ ;

LIBRARY ARCHIVES Kerala Legislative Assembly